ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ യുവജനങ്ങളിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുക, അവരെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പ്രാപ്തരാക്കുക എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി &ഡി) സ്വയം തൊഴിൽ പരിശീലനം സംഘടിപ്പിക്കുവാൻ താല്പര്യമുള്ള യുവജനക്ലബ്ബുകൾ/സന്നദ്ധ സംഘടനകൾ എന്നിവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ച് അവർ നൽകുന്ന പ്രോജക്ട് പരിശോധിച്ച് ഉചിതമായ ധനസഹായം നൽകി വരുന്നു. കാർഷിക സാക്ഷരത, ജൈവകൃഷി പ്രോത്സാഹനം, പനയോല-തഴയോല മുതലായവ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിന് പരിശീലനം, ഫാഷൻ ഡിസൈനിങ്ങ്, പേപ്പർ ബാഗ്, മെഴുകുതിരി, സോപ്പ് എന്നിവയുടെ നിർമ്മാണം, തെങ്ങുകയറ്റം, നെൽകൃഷി എന്നിവയ്ക്ക് പരിശീലനം വഴിയും സ്വയം തൊഴിൽ കണ്ടെത്താൻ യുവജനങ്ങൾക്ക് പ്രചോദനമാകുക എന്ന ലക്ഷ്യമാണ് സാക്ഷാത്കരിക്കപ്പെടുന്നത്. അഹമ്മദാബാദ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ സഹകരണത്തോടുകൂടി തിരുവനന്തപുരം, തൃശ്ശൂർ, വയനാട്, എന്നീ ജില്ലകളിലെ 498 യുവജനങ്ങൾക്ക് പരിശീലനം നൽകുകയും ഇതിൽ 200 ഓളം പേർ സ്വയം സംരംഭകരാകുകയും ചെയ്തു. ഈ സാമ്പത്തിക വർഷം 9 ജില്ലകളിൽ കൂടി പരിശീലനം വ്യാപിപ്പിക്കുന്നതാണ്. തുടർന്ന് 2015-16 സാമ്പത്തിക വർഷം ബാക്കി ജില്ലകളിലും പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്.

യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഓൺലൈൻ പരീക്ഷാ പരിശീലനം

291 (4282) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഡി.റ്റി.പി., പി.എസ്.സി. ഓൺലൈൻ പരീക്ഷ എന്നിവയ്ക്ക് പരിശീലനം നൽകുന്ന പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പരിപാടി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) അതിനായി എന്തെല്ലാം കാര്യങ്ങളാണ് സംഘടിപ്പിച്ചതെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ആരെല്ലാമാണെന്നുള്ള വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ യുവജനങ്ങൾക്ക് ഏറെ തൊഴിൽ സാധ്യതയുള്ള ഒരു തൊഴിൽ മേഖലയിൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് സി-ഡിറ്റുമായി സഹകരിച്ച് ഡി.റ്റി.പി. പരിശീലനം സംഘടിപ്പിച്ചത്. സ്വയം തൊഴിൽ സംരംഭങ്ങൾ രൂപീകരിക്കുന്നതിന് പ്രോത്സാഹനം നൽകാൻ ഈ പദ്ധതി സഹായകരമാണ്. പി.എസ്.സി. ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനത്തെ കുറിച്ച് വേണ്ടത്ര പരിചയമില്ലാത്തതിനാൽ ധാരാളം പേർക്ക് പി.എസ്.സി. പരീക്ഷയ്ക്ക് അപേക്ഷിക്കുവാനുള്ള അവസരം നഷ്ടപ്പെടുകയോ അപേക്ഷകൾ നിരസിക്കപ്പെടുകയോ ചെയ്യുന്നുണ്ട്. ഈ പ്രശ്നത്തന് ഒരു പരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് സി-ഡിറ്റുമായി സഹകരിച്ച് സൗജന്യ പി.എസ്.സി. ഓൺലൈൻ രജിസ്ട്രേഷൻ പരിശീലന പദ്ധതിക്ക് രൂപം നൽകിയത്.

(സി) സൗജന്യ ഡി.റ്റി.പി. പരിശീലനത്തിനായി എല്ലാ ജില്ലകളിൽ നിന്നും പത്ര പരസ്യത്തിലൂടെ അപേക്ഷകൾ സ്വീകരിച്ച് അതാത് ജില്ലയിലെ സി-ഡിറ്റിന്റെ സി.ഇ.പി. സെന്ററുകൾ മുഖേന പരിശീലനം നൽകി. ഈ പദ്ധതിയിലൂടെ ഇതുവരെ 9099 പേർ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. പി.എസ്.സി. ഓൺലൈൻ രജിസ്ട്രേഷൻ പരിശീലനത്തിനായി ജില്ലകളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് സി-ഡിറ്റിന് കൈമാറിയിട്ടുണ്ട്. പരിശീലനം നൽകുന്ന സി-ഡിറ്റിന്റെ സി.ഇ.പി. സെന്ററുകളിലെ 752 അദ്ധ്യാപകർക്ക് പി.എസ്.സി. ഉദ്യോഗസ്ഥർ ട്രെയിനിംഗ് നൽകിക്കഴിഞ്ഞു. അവരാണ് മറ്റ് ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നത്.

(ഡി) സർക്കാർ സ്ഥാപനമായ സി-ഡിറ്റുമായി സഹകരിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly